ഉത്തരം

(എ) വെള്ളത്തിൽ കൃഷി (മോഡിഫൈഡ് ഹൈഡ്രോപോണിക്സ്) എന്ന കൃഷി രീതിയെ സംബന്ധിച്ച് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ആലപ്പുഴ എസ്.ഡി. കോളേജിൽ ഗവേഷണം തുടങ്ങിയതായി പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി വകുപ്പോ കേരള കാർഷിക സർവ്വകലാശാലയോ ഈ രീതിയിലുള്ള കൃഷിയെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. കേരള കാർഷിക സർവ്വകലാശാല ഇതിൽ ഗവേഷണം നടത്തി അതിന്റെ ഫലവും ശിപാർശയും ലഭ്യമാക്കിയാൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് പദ്ധതി

210 (3497) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് എന്തെല്ലാം സഹായപദ്ധതികളാണ നടപ്പാക്കി വരുന്നതെന്ന വ്യക്തമാക്കുമോ ;

(ബി) 2014-05 വർഷത്തിൽ ടി പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റിയതിനുള്ള ധനസഹായം ലഭിക്കുന്നതിന് കൃഷിക്കാർ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണമെന്ന വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷം നാളികേരവികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സി.ഡി.ബി.യുടെ നാളികേര വികസന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ഒന്നാംവർഷ പരിചരണം നടപ്പിലാക്കുന്ന 1000 ഹെക്ടറിൽ രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സഹായം നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ 26 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിക്ക് ആകെ 4219 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ നിന്ന് പരമാവധി 10 തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം ലഭ്യമാണ്. ഇതിനായി പ്രത്യേകം തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ല. എങ്കിലും പഞ്ചായത്തുകൾക്ക് പദ്ധതിഘടകം ആവശ്യാനുസരണം നിശ്ചയിക്കാവുന്നതാണ്. ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് വിഹിതമായി തെങ്ങൊന്നിന് 250 രൂപ നിരക്കിൽ 2500 രൂപ ഹെക്ടറൊന്നിന് ലഭിക്കുന്നതാണ്. മേൽ പദ്ധതികളിൽ ഇതിനായുള്ള തുക ഇതുവരെ ചെലവായിട്ടില്ല.

(സി) ബന്ധപ്പെട്ട കൃഷിഭവനിൽ അപേക്ഷ നൽകി, മുറിച്ച് മാറ്റിയ തെങ്ങുകളുടെ പരിശോധന പൂർത്തിയാക്കി കൃഷിഭവനിൽ നിന്നുള്ള ക്ലെയിം അംഗീകരിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിൽ ഇ-പേയ്മെന്റ് ആയി ലഭിക്കുന്നതാണ്.

കൊയ്ത്തുമെതി യന്ത്രങ്ങൾ

211 (3498) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എത്ര കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങി ; ഇതിനായി എത്ര തുക ചെലവായി വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എത്ര യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ് ;

(സി) പ്രസ്തുത യന്ത്രങ്ങൾ സൂക്ഷിക്കുന്നതും കർഷകർക്ക് വിതരണം ചെയ്യുന്നതും എങ്ങനെയാണ് ; ഇതിന്റെ മാനദണ്ഡം എന്താണ് ;

(ഡി) കർഷകരുടെ ആവശ്യത്തിന് കൊയ്ത്തുമെതി യന്ത്രങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്ത നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പാടശേഖരങ്ങളുടെ പ്രത്യേകതയ്ക്ക് അനുസൃതമായ കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 150 കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങി. ഇതിനായി 30,55,90,000 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly